പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3907

20.07.2015 ൽ താല്കാലിക മറുപടി
നൽകിയതിന്റെ അന്തിമ മറുപടി

## ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

ചോദ്യം

**ശ്രീ. വി. ശശി**

മറുപടി

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് 1975 ലെ നിയമം അനുസരിച്ച് എത്ര കേസുകളിൽ എത്ര ഭൂമിയാണ് ആദിവാസികൾക്ക് തിരിച്ചു പിടിച്ചുനൽകേണ്ടിയിരുന്നത്; ഇതിന്റെ ജില്ല തിരിച്ചുള്ള ഭൂമിയുടേയും കേസ്സുകളുടേയും എണ്ണം വ്യക്തമാക്കുമോ;

(എ)

| ജില്ല | കേസുകളുടെ എണ്ണം | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| തിരുവനന്തപുരം | 29 | 29.937 |
| കൊല്ലം | 7 | 13.5 |
| പത്തനംതിട്ട | 40 | 11.09 |
| ആലപ്പുഴ | ഇല്ല | |
| കോട്ടയം | 274 | 391.82 |
| ഇടുക്കി | 242 | 434.38 |
| എറണാകുളം | 2 | 1.73 |
| തൃശ്ശൂർ | ഇല്ല | |
| പാലക്കാട് | 955 | 3422 |
| മലപ്പുറം | 28 | 74.73 |
| കോഴിക്കോട് | ഇല്ല | |
| വയനാട് | ഇല്ല | |
| കണ്ണൂർ | ഇല്ല | |
| കാസർഗോഡ് | 10 | 25.6 |

(ബി) 1999 ലെ നിയമം പാസ്സാക്കിയതിനെത്തുടർന്ന് 1986 ജനുവരി 24 ന് മുമ്പ് അന്യാധീനപ്പെട്ട് 5 ഏക്കറിൽ കൂടുതലുള്ള ഭൂമി മാത്രം തിരിച്ച് പിടിച്ചാൽ

(ബി)

| ജില്ല | കേസുകളുടെ എണ്ണം | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| എറണാകുളം | 2 | 1.73 |

മതിയെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ 99 ലെ നിയമം അനുസരിച്ച് സംസ്ഥാനത്താകെ എത്ര കേസ്സുകളിൽ എത്ര ഏക്കർ ഭൂമി തിരിച്ച പിടിച്ച് നൽകി; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

| | | |
|---|---|---|
| പാലക്കാട് | 57 | 132.4028 |
| വയനാട് | 11 | 35.33 |

(സി) 1999 – ലെ നിയമം അനുസരിച്ച് 1986 വരെ 5 ഏക്കറിൽ താഴെ ഭൂമി നഷ്ടപ്പെട്ട എത്ര ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി പകരമായി നൽകി എന്ന കാര്യം വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി)

| ജില്ല | കേസുകളുടെ എണ്ണം | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| കൊല്ലം | 7 | 13.5 |
| പത്തനംതിട്ട | 6 | 6 |
| എറണാകുളം | 2 | 1.73 |
| തൃശ്ശൂർ | 5 | 5 |
| പാലക്കാട് | 114 | 290 |
| മലപ്പുറം | 28 | 74.73 |
| വയനാട് | 230 | 230 |

(ഡി) 1999 – ലെ നിയമം അനുസരിച്ച് 1986 – ന് ശേഷം ആദിവാസി ഭൂമി ആദിവാസിയല്ലാത്ത ഒരാളിന് കൈമാറുന്നത് അസാധുവാണെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ പല ജില്ലകളിലും ആദിവാസി ഭൂമി കൈയ്യേറിയിട്ടുള്ളതായി എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഉണ്ട്.

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 274 |
| ഇടുക്കി | 2 |
| എറണാകുളം | 1 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 38 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 4 |

(ഇ) ആദിവാസി ഭൂമി

(ഇ) ഉണ്ട്. വയനാട് ജില്ലയിലെ പനമരം സബ്

| | | |
|---|---|---|
| | നിയമവിരുദ്ധമായി രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ; | രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീ വിജയനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | സുപ്രീം കോടതി ഉത്തരവ് അനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത്; ഇതിൽ എത്ര ഏക്കർ വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു. | (എഫ്) കൊല്ലം ജില്ലയിൽ 7 കേസുകളിൽ 13.5 ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകിയിട്ടുണ്ട്. പത്തനംതിട്ട കോന്നി താലൂക്കിൽ ചിറ്റാർ വില്ലേജിൽ വേളിമല റബ്ബർ കമ്പനിയിൽ നിന്ന് പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുത്ത് സർക്കാർ അധീനതയിൽ നിലനിർത്തിയിരുന്ന 18.80 ഏക്കർ ഭൂമി 2011 ൽ 18 ആദിവാസികൾക്കായി അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 162 ഭൂരഹിതർക്കായി 145.75 ഏക്കർ ഭൂമിയും, മലപ്പുറം ജില്ലയിൽ 28 കേസുകളിലായി 74.73 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 230 പേർക്ക് ഒരേക്കർ ഭൂമി വീതവും 430 കുടുംബങ്ങൾക്ക് ഒരേക്കർ തികയുവാൻ ആവശ്യമായ ഭൂമിയും അനുവദിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 755 പേർക്ക് 289.47 ഹെക്ടർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ രണ്ട് കേസുകളിലായി 1.74 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ